# KERALA POLICE INFORMATION CENTRE

No.24/PR/PIC/PHQ/10 Date : 12/03/10

## മികച്ച അന്വേഷണ ഉദ്യോഗസ്ഥർക്ക് എൻ.ചന്ദ്രശേഖരൻ നായർ എൻഡോവ്മെന്റ് അവാർഡ് നൽകുന്നു

ഓരോ വർഷവും കേസന്വേഷണത്തിൽ മികവ് തെളിയിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കായി അന്തരിച്ച മുൻ ഐ.ജി ശ്രീ.എൻ.ചന്ദ്രശേഖരൻ നായരുടെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റ് അവാർഡിന് ശ്രീ.കെ.എൻ.രാജീവ് ഡി.വൈ.എസ്.പി, ക്രൈം ഡിറ്റാച്ച്മെന്റ്, മലപ്പുറം (2005), ശ്രീ.ഡി.രാജേന്ദ്രൻ, ഡി.വൈ.എസ്.പി, ആറ്റിങ്ങൾ, (2006), ശ്രീ.സി.ആർ.രാജസുന്ദരം, അസിസ്റ്റന്റ് കമ്മീഷണർ, കൺട്രോൾ റൂം, കോഴിക്കോട് സിറ്റി, (2007), ശ്രീ.റജി ജേക്കബ്, ഡി.വൈ.എസ്.പി, വി.എ.സി.ബി, തിരുവനന്തപുരം റേഞ്ച്, (2008) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും 5,000 രൂപയുമാണ് അവാർഡായി ഓരോരുത്തർക്കും നൽകുന്നത്.

1995 മുതലാണ് മികച്ച കുറ്റാന്വേഷണ ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിനായി ഈ അവാർഡ് നൽകി വരുന്നത്. എസ്.ഐ മുതൽ ഡി.വൈ.എസ്.പി വരെയുള്ള ഉദ്യോഗസ്ഥരെയാണ് അവാർഡിന് പരിഗണിക്കുന്നത്. മുൻ കലണ്ടർ വർഷത്തിൽ കോടതികളിൽ തീർപ്പാക്കപ്പെട്ട വിജിലൻസ് കേസ്സുകൾ ഉൾപ്പെടെയുള്ള കേസ്സുകളുടെ അന്വേഷണമികവ് വിലയിരുത്തിയാണ് അവാർഡ് ജേതാവിനെ തിരഞ്ഞെടുക്കുന്നത് .

ഡി.ജി.പി ചെയർമാനും, വിജിലൻസ് ഡയറക്ടർ, എ.ഡി.ജി.പി ഇന്റലിജൻസ്,എ.ഡി.ജി.പി. ക്രൈംസ്, ഐ.ജി.പി ഹെഡ്ക്വാർട്ടേഴ്സ് എന്നിവർ അംഗങ്ങളും ഡി.ഐ.ജി (അഡ്മിനിസ്ട്രേഷൻ) കൺവീനറുമായ സ്ക്രീനിംങ് കമ്മിറ്റിയാണ് അവാർഡ് ജേതാക്കളെ തിരഞ്ഞെടുത്തത്.

16-03-2010 4.00 pm ന് തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിൽ വച്ച് നടക്കുന്ന ചടങ്ങിൽ ബഹു. കേരളാ ആഭ്യന്തര മന്ത്രി ശ്രീ.കോടിയേരി ബാലകൃഷ്ണൻ അവാർഡ് ദാനം നിർവ്വഹിക്കും. ശ്രീ. സി.എം. രാധാകൃഷ്ണൻ നായർ, മുൻ ഐ.ബി ജോയിന്റ് ഡയറക്ടർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഡി.ജി.പി ശ്രീ.ജേക്കബ് പുന്നൂസ്, വിജിലൻസ് ഡയറക്ടർ ശ്രീ. കെ.പി. സോമരാജൻ, എ.ഡി.ജി.പി ഇന്റലിജൻസ് ശ്രീ.സിബി മാത്യൂസ് എന്നിവർ സംബന്ധിക്കും.

The contents of this document may be deemed to be based on received information which is subject to further verification